വർക്കല മണ്ഡലം പൊതുയോഗം ഇന്ന്

വർക്കല

എൽഡിഎഫ് സർക്കാരിന്റെ ഭരണപുരോഗതിയും ഭാവി വികസനവും വിശദീകരിക്കൽ വർക്കല മണ്ഡലത്തിൽ ഞായറാഴ്ച പൊതുയോഗം ചേരും. സർക്കാരിന്റെ പ്രവർത്തനങ്ങളെകുറിച്ചും ഭാവി പരിപാടികളെകുറിച്ചും വിശദീകരിക്കാൻ ഞായർ വൈകിട്ട് 4ന് വർക്കല മുൻസിപ്പൽ പാർക്കിൽ ചേരുന്ന പൊതുയോഗം മന്ത്രി കെ എൻ ബാലഗോപാൽ ഉദ്ഘാടനം ചെയ്യും. മന്ത്രിമാരായ ജി ആർ അനിൽ, ആന്റണി രാജു,

വി ശിവൻകുട്ടി എന്നിവരും എൽഡിഎഫ് നേതാക്കളായ വി ജോയി എംഎൽഎ, വി പി ഉണ്ണികൃഷ്ണൻ, അഡ്വ. രവികുമാർ, ബി പി മുരളി, മലയിൻകീഴ് നന്ദകുമാർ, സജീർ രാജകുമാരി, എസ് ഷാജഹാൻ, മടവൂർ അനിൽ, വി രഞ്ജിത്ത്, എം കെ യുസഫ്, കോരാണി സനൽ തുടങ്ങിയവരും പങ്കെടുക്കും.

പൂർവ വിദ്യാർഥി സംഗമം

ആര്യനാട്

ലൂഥർഗിരി യുപിഎസിലെ 1989 –90 കാലയളവിലെ വിദ്യാർഥികളുടെ പൂർവ വിദ്യാർഥി സംഗമം 'ഓർമച്ചെപ്പ്' 2023 അധ്യാപികയായ തങ്കമ്മ ഉദ്ഘാടനം ചെയ്തു. ഗിരി അധ്യക്ഷനായി. സന്തോഷ് സ്വാഗതം പറഞ്ഞു.

വാർഷികം

ആര്യനാട്

ചക്രപാണിപുരം സംഗമം ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബിന്റെ 44–ാം വാർഷികാഘോഷത്തിനും സൗത്ത് ഇന്ത്യ പ്രൊ കബഡി ടൂർണമെന്റിനും തുടക്കമായി. 14ന് നടക്കുന്ന സാംസ്കാരിക സമ്മേളനം വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും.

സുവർണ ജൂബിലി ആഘോഷങ്ങൾ സമാപിച്ചു

വർക്കല

ചെറുന്നിയൂർ റെഡ്സ്റ്റാർ ലൈബ്രറിയുടെ സുവർണ ജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനം ലൈബ്രറി കൗൺസിൽ സംസ്ഥാന സെക്രട്ടറി വി കെ മധു ഉദ്ഘാടനം ചെയ്യുന്നു

ചെറുന്നിയൂർ റെഡ്സ്റ്റാർ ലൈബ്രറിയുടെ സുവർണ ജൂബിലി ആഘോഷങ്ങൾ സമാപിച്ചു.

വിവിധ കലാകായിക മത്സരങ്ങൾ, മെഡിക്കൽ ക്യാമ്പ്, ആദ്യകാല പ്രവർത്തകരെ ആദരിക്കൽ, സാംസ്കാരിക സമ്മേളനം തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ചു. സമാപന സമ്മേളനം ലൈബ്രറി കൗൺസിൽ സംസ്ഥാന സെക്രട്ടറി വി കെ മധു ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്തംഗം വി പ്രിയദർശിനി സമ്മാനവിതരണം നിർവഹിച്ചു.

റെഡ്സ്റ്റാർ പ്രസിഡന്റ് ശ്രീകുമാർ അധ്യക്ഷനായി. സജി, തുളസിദാസ്, തമ്പു എന്നിവരെ ആദരിച്ചു. ലൈബ്രറി കൗൺസിൽ താലൂക്ക് സെക്രട്ടറി ജി എസ് സുനിൽ, സിപിഐ എം ലോക്കൽ സെക്രട്ടറി കെ വിശ്വനാഥൻ, സനിൽ കുമാർ, സജി, തുളസിദാസ്, മണിദാസ്, ടി എൻ ഷിബു തങ്കൻ, സാജു എന്നിവർ സംസാരിച്ചു.

സംസ്ഥാന സാക്ഷരതാ മിഷൻ

ആറ്റിങ്ങലിൽ 120 പേർ പരീക്ഷയെഴുതി

ആറ്റിങ്ങൽ

ആറ്റിങ്ങൽ നഗരസഭയിൽ സംസ്ഥാന സാക്ഷരതാ മിഷന്റെ അച്ഛീ ഹിന്ദി, ഗുഡ് ഇംഗ്ലീഷ് പരീക്ഷകൾ ജനപ്രതിനിധികൾ ഉൾപ്പെടെ 120 പേർ എഴുതി. ആറ്റിങ്ങൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന അച്ഛീ ഹിന്ദി പരീക്ഷ നഗരസഭാ വൈസ് ചെയർമാൻ തുളസീധരൻ പിള്ള വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ഗിരിജയ്ക്ക് ചോദ്യപേപ്പർ നൽകി ഉദ്ഘാടനംചെയ്തു. അറുപത്തഞ്ചുകാരിയായ അനിതകുമാരിയാണ് പരീക്ഷ എഴുതിയവരിൽ മുതിർന്നത്.

ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിലെയും ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിലെയും അവനവഞ്ചേരി ഹൈസ്കൂളിലെയും ഗുഡ് ഇംഗ്ലീഷ് പരീക്ഷ അതത് സ്കൂളിൽ നഗരസഭാ വൈസ് ചെയർമാൻ തുളസീധരൻ പിള്ള ചോദ്യപേപ്പർ നൽകി ഉദ്ഘാടനംചെയ്തു. ഹെഡ്മാസ്റ്റർമാരായ അനിൽകുമാർ, നിമി, അധ്യാപകരായ ശ്രീകല, സാബു, സൂര്യ, ദിവ്യ, സുജ, നോഡൽ പ്രേരക് ജി ആർ മിനിരേഖ, അസിസ്റ്റന്റ് നോഡൽ കെ ആർ ബിന്ദു എന്നിവർ പങ്കെടുത്തു.

പഞ്ചായത്തംഗത്തെ കൈയേറ്റം ചെയ്യാൻ ശ്രമിച്ചതായി പരാതി

കിളിമാനൂർ

പഞ്ചായത്ത് അംഗത്തെ അസഭ്യം പറഞ്ഞ് കൈയേറ്റം ചെയ്യാൻ ശ്രമിച്ചതായി പരാതി. സിപിഐ എം പഴയകുന്നുമ്മേൽ ലോക്കൽകമ്മിറ്റിയംഗവും കുന്നുമ്മേൽ വാർഡ് മെമ്പറുമായ എൻ സലിൽ ആണ് കിളിമാനൂർ പൊലീസിൽ പരാതി നൽകിയത്. സിപിഐ എം കിളിമാനൂർ ഏരിയ കമ്മിറ്റി ഓഫീസിനു മുമ്പിൽ കുളങ്ങര മാർജിൻ ഫ്രീ ഷോപ്പിന്റെ പാർക്കിങ് ഏരിയയിൽ പാർക്ക് ചെയ്ത കാർ തിരിച്ചെടുക്കുമ്പോൾ ഷോപ്പിലെ രാത്രി കാവൽക്കാരൻ ആക്രമിക്കാൻ ശ്രമിച്ചെന്നാണ് പരാതി.

മെഡിക്കൽ ക്യാമ്പ്

ചിറയിൻകീഴ്

ഡിവൈഎഫ്ഐ കിഴുവിലം മേഖലാ കമ്മിറ്റി അംഗമായിരുന്ന എൻ രതീഷിന്റെ രണ്ടാം ചരമ വാർഷിക ദിനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച അനുസ്മരണവും സൗജന്യ മെഡിക്കൽ ക്യാമ്പും സിപിഐ എം ഏരിയ സെക്രട്ടറി എസ് ലെനിൻ ഉദ്ഘാടനംചെയ്തു. മേഖലാ പ്രസിഡന്റ് എസ് ആർ വിഷ്ണുരാജ് അധ്യക്ഷനായി. ക്യാമ്പിനോടനുബന്ധിച്ച് നടന്ന ജനറൽ മെഡിസിൻ ഹോമിയോപ്പതി ക്യാമ്പിന്റെ ഉദ്ഘാടനം ബ്ലോക്ക് പ്രസിഡന്റ് പി സി ജയശ്രീയും ആയുർവേദ മെഡിക്കൽ ക്യാമ്പ് ഡോ. പി ചന്ദ്രകുമാറും

നേത്രപരിശോധന ക്യാമ്പ് കിഴുവിലം പഞ്ചായത്ത് പ്രസിഡന്റ് ആർ മനോന്മണിയും ഉദ്ഘാടനംചെയ്തു. സിപിഐ എം ജില്ലാ കമ്മിറ്റി അംഗം വി എ വിനീഷ്, എസ് ചന്ദ്രൻ, ഡിവൈഎഫ്ഐ ബ്ലോക്ക് ഭാരവാഹികളായ വിഷ്ണു ചന്ദ്രൻ, ഇ അനസ്, പി ആർ സുഭാഷ് എന്നിവർ സംസാരിച്ചു. ക്യാമ്പിൽ പങ്കെടുത്തവർക്ക് സൗജന്യമായി മരുന്നുകൾ വിതരണം ചെയ്തു. ആയുർവേദ യൂണിറ്റിന്റെ നേതൃത്വത്തിലായിരുന്നു ക്യാമ്പ്.

ഔട്ടർ റിങ് റോഡ് ഭൂമിയേറ്റെടുക്കൽ

വാദം കേൾക്കൽ 18ന് ആരംഭിക്കും

തിരുവനന്തപുരം

ഔട്ടർ റിങ് റോഡ് ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട് മാണിക്കൽ, പുല്ലമ്പാറ വില്ലേജുകളിൽനിന്ന് ഏറ്റെടുക്കേണ്ട ഭൂമിയുടെ ഉടമസ്ഥരുടെ വാദം കേൾക്കൽ 18ന് ആരംഭിക്കും. 18, 19, 20, 22, 23, 24, 25, 26 തീയതികളിൽ കന്യാകുളങ്ങര ഗവ. എൽപി സ്കൂളിലാണ് ഹിയറിങ്.

ആകെ 24.7715 ഹെക്ടറാണ് ഇവിടെ ഏറ്റെടുക്കുന്നത്. റിങ് റോഡിന് ആവശ്യമായ ആകെ ഭൂമിയുടെ 30 ശതമാനം ഏറ്റെടുക്കാൻ വിജ്ഞാപനമായി. കിളിമാനൂർ വില്ലേജിൽനിന്ന് 6.611 ഹെക്ടർ ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനം (3 ഡി) കേന്ദ്ര ഗസറ്റിൽ പ്രസിദ്ധീകരിച്ചു. ഇതോടെ ആകെ 100.87231 ഹെക്ടറിന്റെ അന്തിമ വിജ്ഞാപനമായി.

ആകെ 295 ഹെക്ടറാണ് ഔട്ടർ റിങ് റോഡിന്റെ രണ്ടു റീച്ചിനായി ഏറ്റെടുക്കേണ്ടത്.

ഡ്രൈവർ നിയമനം

കിളിമാനൂർ

നഗരൂർ പഞ്ചായത്തിൽ ഡ്രൈവറുടെ താൽക്കാലിക ഒഴിവിലേക്ക് നിയമനം നടത്തുന്നു. 18നും 41 നും ഇടയിലുള്ളവരാകണം അപേക്ഷകർ. പട്ടികജാതി വിഭാഗത്തിന് നിയമാനുസൃത ഇളവുണ്ട്. ഏഴാം ക്ലാസ് പാസും 3വർഷത്തെ ബാഡ്ജോടുകൂടിയ ലൈറ്റ് മോട്ടർ ഡ്രൈവിങ് ലൈസൻസും ഉണ്ടായിരിക്കണം.യോഗ്യത തെളിയിക്കുന്ന രേഖകളുടെ പകർപ്പോടുകൂടിയ അപക്ഷകൾ മെയ് 20വരെ പഞ്ചായത്തിൽ സ്വീകരിക്കും.

വലിച്ചെറിയൽ മുക്ത മാണിക്കൽ

വെഞ്ഞാറമൂട്

'വലിച്ചെറിയൽ മുക്തമാണിക്കൽ' പദ്ധതി മന്ത്രി ജി ആർ അനിൽ ഉദ്ഘാടനം ചെയ്യുന്നു

നവകേര മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന 'വലിച്ചെറിയൽ മുക്ത കേരളം' പദ്ധതി മാണിക്കൽ ഗ്രാമ പഞ്ചായത്തിൽ തുടക്കമായി. 'വലിച്ചെറിയൽ മുക്ത മാണിക്കൽ' എന്ന പേരിൽ പഞ്ചായത്ത് നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ഉദ്ഘാടനം മന്ത്രി ജി ആർ അനിൽ നിർവഹിച്ചു. ശുചിത്വ മാലിന്യ മുക്ത പ്രവർത്തനങ്ങളും പരിപാലനവുമാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. പഞ്ചായത്ത് പ്രസിഡന്റ് കുതിരകുളം ജയൻ അധ്യക്ഷനായി. പഞ്ചായത്ത് അംഗങ്ങളായ സിന്ധു, വിജയകുമാരി, കെ അനി, കോലിയക്കോട് മഹീന്ദ്രൻ, സെക്രട്ടറി ജി എൻ ഹരികുമാർ, എ എസ് സുഹാസ് ലാൽ, ഹെൽത്ത് ഇൻപെക്ടർ പ്രതീപ്, ശുചിത്വ മിഷൻ ആർ പി രവീന്ദ്രൻനായർ, ആരോഗ്യപ്രവർത്തകർ, തുടങ്ങിയവർ പങ്കെടുത്തു.

സിബിഎസ്ഇ പത്താം ക്ലാസ് പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ വൺ നേടിയ ഡി ദേവനന്ദൻ (കിളിമാനൂർ രാജാ രവിവർമ്മ സെൻട്രൽ സ്കൂൾ)

സിബിഎസ്ഇ പന്ത്രണ്ടാം ക്ലാസ് പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ വൺ നേടിയ എൻ എസ് ആലിയ ഫാത്തിമ (കിളിമാനൂർ രാജാ രവിവർമ്മ സെൻട്രൽ സ്കൂൾ)

സിബിഎസ്ഇ 12–ാം ക്ലാസ് പരീക്ഷയിൽ 96.4ശതമാനം വിജയം നേടിയ ആർ എസ് അസ്‌ലം (കാരമൂട് ബിഷപ് പെരേര മെമ്മോറിയൽ സ്കൂൾ)

സിബിഎസ്ഇ പന്ത്രണ്ടാംക്ലാസ് പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ വൺ നേടിയ ബി ഫർസാന (കാരമൂട് ബിഷപ് പെരേര മെമ്മോറിയൽ സ്കൂൾ)

സിബിഎസ്ഇ പത്താം ക്ലാസ് പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ വൺ നേടിയ ബി ഗൗരിപ്രിയ (കാരമൂട് ബിഷപ് പെരേര മെമ്മോറിയൽ സ്കൂൾ)

വികസനോത്സവം

നെടുമങ്ങാട്

പട്ടികജാതി വികസന വകുപ്പ്, നെടുമങ്ങാട് നഗരസഭ, വിജ്ഞാൻവാടി, സേവ് ക്ലബ് വഴികാട്ടി എന്നിവയുടെ നേതൃത്വത്തിൽ വികസനോത്സവം സംഘടിപ്പിച്ചു. നെടുമങ്ങാട് നഗരസഭ അധ്യക്ഷ സി എസ് ശ്രീജ ഉദ്ഘാടനംചെയ്തു. ക്ഷേമ സ്ഥിരംസമിതി അധ്യക്ഷൻ ബി സതീശൻ അധ്യക്ഷനായി. പട്ടികജാതി വികസന ഓഫീസർ കവിത, കൗൺസിലർമാരായ ശ്രീകല, സിന്ധു കൃഷ്ണകുമാർ, ശ്യാമള എന്നിവർ സംസാരിച്ചു.

വികസനോത്സവം നെടുമങ്ങാട് നഗരസഭാ ചെയർപേഴ്സൺ സി എസ് ശ്രീജ ഉദ്ഘാടനം ചെയ്യുന്നു

ഈഴക്കോട് രവിയെ അനുസ്മരിച്ചു

വിളപ്പിൽ

ഈഴക്കോട് രവിയുടെ ഒന്നാം ചരമ വാർഷിക അനുസ്മരണയോഗത്തിൽ സിപിഐ എം സംസ്ഥാന സെക്രട്ടറിയറ്റ് അംഗം ആനാവൂർ നാഗപ്പൻ സംസാരിക്കുന്നു

സിപിഐ എം ബ്രാഞ്ച് സെക്രട്ടറി, ലോക്കൽ കമ്മിറ്റി അംഗം, കർഷകസംഘം വിളപ്പിൽ ഏരിയ കമ്മിറ്റിയംഗം എന്നീ നിലകളിൽ പ്രവർത്തിച്ച ഈഴക്കോട് രവിയുടെ ഒന്നാം ചരമ വാർഷികത്തിൽ അനുസ്മരണയോഗം ചേർന്നു. സിപിഐ എം സംസ്ഥാന സെക്രട്ടറിയറ്റ് അംഗം ആനാവൂർ നാഗപ്പൻ ഉദ്ഘാടനം ചെയ്തു.

സി എസ് ശരത്ത് അധ്യക്ഷനായി. വിളപ്പിൽ ഏരിയ സെക്രട്ടറി ആർ പി ശിവജി, ഐ ബി സതീഷ് എംഎൽഎ, ജനാധിപത്യ മഹിളാ അസോസിയേഷൻ ജില്ലാ പ്രസിഡന്റ് എൽ ശകുന്തള കുമാരി, ഏരിയ കമ്മിറ്റി അംഗങ്ങളായ ജി സജീനകുമാർ, പി പ്രശാന്ത്, ലോക്കൽ കമ്മിറ്റി സെക്രട്ടറി കെ സതീഷ് കുമാർ, എസ്എഫ്ഐ ജില്ലാ പ്രസിഡന്റ് എസ് ആർ ആദിത്യൻ, പെരുകാവ് സിജി,ഐ കെ തങ്കമണി എന്നിവർ സംസാരിച്ചു.

അനുസ്മരണ ദിനത്തോടനുബന്ധിച്ച് ഞായറാഴ്ച രാവിലെ 9 മുതൽ ഒന്നുവരെ ഈഴക്കോട് ജങ്ഷനിൽ നേത്ര പരിശോധന മെഡിക്കൽക്യാമ്പ് നടത്തും.

അവധിക്കാലത്തും വിശ്രമമില്ലാതെ കുട്ടിക്കൂട്ടം

സ്വന്തം ലേഖകൻ

വെഞ്ഞാറമൂട്

അവധിക്കാലം വീട്ടിലിരുന്ന് ആഘോഷിക്കുകയല്ല, സഹജീവികൾക്ക് കൈത്താങ്ങാകുന്ന പ്രവർത്തനങ്ങളിൽ മുഴുകുകയാണ് വെഞ്ഞാറമൂട് യുപിഎസ്. സ്കൂളിലെ തണൽ പദ്ധതിയുടെ ഭാഗമായി സ്കൂളിലെ തന്നെ വിവിധ ക്ലബ്ബുകളുടെ സഹകരണത്തോടെയാണ് സന്നദ്ധ പ്രവർത്തനങ്ങൾ നടത്തുന്നത്. രക്തദാനം മഹാദാനം എന്ന പേരിൽ ആർസിസി, മെഡിക്കൽ കോളേജ്, ശ്രീചിത്രമെഡിക്കൽ സെന്റർ എന്നിവിടങ്ങളിലേക്ക് നൽകാൻ രക്ത ദാനക്യാമ്പും

പാലോട്സബ്ജില്ലയിലെ രണ്ട് വിദ്യാലയത്തിലെ എല്ലാ പ്രീ പ്രൈമറി കുട്ടികൾക്കും സൗജന്യ യൂണിഫോം വിതരണവും സാമ്പത്തിക ബുദ്ധിമുട്ടുള്ള കുട്ടികളുടെ കുടുംബത്തിന് ധനസഹായവുമെല്ലാം ഇതിനകം നടത്തി.

അടുത്ത ആഴ്ച ആർസിസിയിലെ രോഗികൾക്കും കൂട്ടിരുപ്പുകാർക്കുമായി 1500 ഭക്ഷണപ്പൊതി വിതരണം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുകയാണ്.

പഠനപ്രവർത്തനങ്ങളിലും ഇവിടത്തെ വിദ്യാർഥികൾ മാതൃകയാണ്. ശാസ്ത്രമേള, കായിക മേള, സ്കൂൾ കലോത്സവം, എൽഎസ്എസ്, യുഎസ്എസ് പരീക്ഷകൾ എന്നിവയിലെല്ലാം കുട്ടികൾക്ക് മികച്ച വിജയം നേടാനായി. പരിസ്ഥിതി, ഗാന്ധിദർശൻ, കാർഷികം എന്നീ മേഖലയിലെ പ്രവർത്തനങ്ങൾക്കും നിരവധി പുരസ്കാരങ്ങൾ ഈ സർക്കാർ വിദ്യാലയത്തിന് ലഭിച്ചിട്ടുണ്ട്. ഈ വർഷം മുൻ വർഷത്തേക്കാൾ വിദ്യാർഥികൾ പ്രവേശനം നേടിയതായി ഹെഡ്മാസ്റ്റർ എം കെ മെഹബൂബ്പറഞ്ഞു.

എൽഡിഎഫ് സർക്കാരിന്റെ രണ്ടാം വാർഷികം

കാട്ടാക്കട മണ്ഡലം പൊതുസമ്മേളനം 18ന്

ഐ ബി സതീഷ് എംഎൽഎ മണലിയിൽ നവകേരള സദസ്സ് ഉദ്ഘാടനം ചെയ്യുന്നു

വിളപ്പിൽ

എൽഡിഎഫ് സർക്കാരിന്റെ രണ്ടാം വാർഷിക ആഘോഷങ്ങളുടെ ഭാഗമായി കാട്ടാക്കട മണ്ഡലത്തിൽ സംഘടിപ്പിക്കുന്ന പൊതുസമ്മേളനം വ്യാഴം വൈകിട്ട് അഞ്ചിന് കണ്ടല സ്റ്റേഡിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

ഇതിന്റെ ഭാഗമായി മണ്ഡലത്തിലെ മുഴുവൻ ബൂത്ത് കേന്ദ്രങ്ങളിലും നൂറുകണക്കിന് ആളുകളെ പങ്കെടുപ്പിച്ച് നവകേരള സദസ്സുകൾ നടന്നുവരികയാണ്. ഐ ബി സതീഷ് എംഎൽഎ മണലിയിൽ നവകേരള സദസ്സ് ഉദ്ഘാടനം ചെയ്തു. ബൂത്ത്തല ഗ്രഹ സന്ദർശനവും പുരോഗമിക്കുന്നു.

ഹൃദേഷ് കൃഷ്ണന് തംബുരു

തിരുവനന്തപുരം

മ്യൂസിക് ആൻഡ് ആർട്സ് ഫൗണ്ടേഷൻ നായകിയുടെ മ്യൂസിക്കൽ കാർണിവലിൽ തംബുരു സ്വന്തമാക്കി ഹൃദേഷ് കൃഷ്ണൻ.

വിവിധ സംഗീത മത്സരത്തിൽ കൂടുതൽ പോയിന്റ് നേടിയാണ് സമ്മാനത്തിന് അർഹനായത്. ഇരുനൂറോളം സംഗീതജ്ഞർ പങ്കെടുത്തു.

ഗവ. സംഗീത കോളേജിൽ നടന്ന കാർണിവൽ മന്ത്രി ആന്റണി രാജു ഉദ്ഘാടനം ചെയ്തു.

മൃദംഗ വിദ്വാൻ മന്നാർഗുഡി ഈശ്വരൻ, പി എൽ സുധീർ, സംഗീത സംവിധായകൻ ശരത്, ടി കെ രാജീവ് കുമാർ, ബി ഗോവിന്ദൻ, ഡോ. എൻ ജെ നന്ദിനി, നടൻ സുരേഷ് ഗോപി തുടങ്ങിയവർ സംസാരിച്ചു.

സമ്മർ ക്യാമ്പ്

പാറശാല

തിരുവനന്തപുരം ലൊയോള കോളേജ് ഓഫ് സോഷ്യൽ സയൻസിലെ സാമൂഹ്യ പ്രവർത്തന വകുപ്പിലെ വിദ്യാർഥികളും പൊഴിക്കര ബീച്ച് വാർഡ് കുടുംബശ്രീ എഡിഎസ് ബാലസഭയും ചേർന്ന് സമ്മർ ക്യാമ്പ് തുടങ്ങി. ചിറക് എന്ന പേരിലുള്ള ക്യാമ്പ് 16 ന് സമാപിക്കും.

ആന പുനരധിവാസകേന്ദ്രം കെട്ടിടത്തിനു മുകളിൽ വീണ മരം നീക്കിയില്ല


കാപ്പുകാട് ആനപുനരധിവാസ കേന്ദ്രം കെട്ടിടത്തിനുമുകളിൽ മരം വീണനിലയിൽ

കാട്ടാക്കട

കാപ്പുകാട് ആനപാർക്കിലെ സഞ്ചാരികൾക്ക് താമസിക്കാൻ നൽകുന്ന കെട്ടിടത്തിനുമുകളിൽ മരംവീണ് നാളേറെയായിട്ടും മുറിച്ചുനീക്കിയില്ല. ആഴ്ചകൾക്കുമുമ്പ് കാറ്റിലും മഴയിലുമാണ് മരം ഒടിഞ്ഞ് കെട്ടിടത്തിനു മുകളിൽ പതിച്ചത്.

അതിനുശേഷം നിരവധിപേർ ഈ കെട്ടിടത്തിൽ താമസിച്ചു. കുട്ടികൾ ഉൾപ്പെടെയുള്ളവരാണ് ഇവിടെ താമസിക്കുന്നതിനും പാർക്കിൽ ആനകളെ കാണുന്നതിനുമായി എത്തുന്നത്.

ആന പുനരധിവാസ കേന്ദ്രത്തിനുള്ളിൽ അപകടാവസ്ഥയിലുള്ള മരം നീക്കാൻ നിരവധി തവണ ആവശ്യം ഉയർന്നിട്ടുപോലും നടപടി ഉണ്ടായില്ലെന്നാണ് നാട്ടുകാരുടെ പരാതി.

അവധിക്കാല ക്യാമ്പ്

കഴക്കൂട്ടം

കഴക്കൂട്ടം ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ അവധിക്കാല ക്യാമ്പ് ടെലിസ്കോപ്പ് കൗൺസിലർ എൽ എസ് കവിത ഉദ്ഘാടനം ചെയ്തു. ഐഐഎസ്ടി ശാസ്ത്രജ്ഞൻ ആനന്ദ് നാരായണൻ, ജയസാഗർ കൊട്ടിയം, അനിൽ ആർ മധു, സതീന്ദ്രൻ പന്തലക്കോട്, ബ്രഹ്മനായകം മഹാദേവൻ, അനിൽകുമാർ വെഞ്ഞാറമൂട് തുടങ്ങിയവർ വിവിധ സെഷനുകളിലെത്തി. ഹെഡ്മിസ്ട്രസ് എസ് ഡി ഷീജ, സഹീദ്, ശ്യാംജിത്ത് തുടങ്ങിയവർ സംസാരിച്ചു.

വിദേശ ജോലി തട്ടിപ്പ്: പ്രതി പിടിയിൽ

തിരുവനന്തപുരം

മലേഷ്യയിലേക്ക് ജോലി വാഗ്ദാനം ചെയ്ത് തട്ടിപ്പുനടത്തിയ കേസിലെ പ്രതി പിടിയിൽ. പാലക്കാട് വിളയൂർ കോളിയത്ത് ഹൗസിൽ അംജി മോഹിദിനെയാണ് വലിയതുറ പൊലീസ് അറസ്റ്റുചെയ്തത്. ഇയാളെ കോടതിയിൽ ഹാജരാക്കി റിമാൻഡുചെയ്തു. ജോബ് വിസയെന്നുപറഞ്ഞ് വിസിറ്റിങ് വിസ നൽകിയാണ് ആളുകളെ കബളിപ്പിച്ചത്.

വാർഷികാഘോഷം

തിരുവനന്തപുരം

ശ്രീചിത്രഹോം എക്സ് ഇൻമേറ്റ്സ് അസോസിയേഷന്റെ വാർഷികാഘോഷവും അന്തേവാസികളുടെ സംഗമവും മന്ത്രി ആന്റണി രാജു ഉദ്ഘാടനംചെയ്തു. അസോസിയേഷൻ പ്രസിഡന്റ് എൽ സ്വയംപ്രഭ അധ്യക്ഷയായി.

ഹോമിന്റെ മുൻ സൂപ്രണ്ട് കെ സി സുമതി, മുൻ ജീവനക്കാരായ കൃഷ്ണൻകുട്ടി, രവീന്ദ്രൻ, ചന്ദ്രിക, ശാന്ത, നിലവിലെ സൂപ്രണ്ട് വി ബിന്ദു, മുൻ അന്തേവാസികളുടെ മക്കളായ റോഷൻ, ഫുട്ബോൾ താരം ശ്രീക്കുട്ടൻ എന്നിവരെ മന്ത്രി പൊന്നാടയണിയിച്ച് ആദരിച്ചു. ചടങ്ങിൽ പ്രോഗ്രാം കോ–ഓർഡിനേറ്റർ കെ സന്തോഷ്കുമാർ, കെ എസ് ശ്രീദേവി തുടങ്ങിയവരും സംസാരിച്ചു. തുടർന്ന് കലാപരിപാടികളും അരങ്ങേറി.

പേയാട് പെട്രോൾ പമ്പിലെ ആക്രമണം

പ്രതികളെ പിടികൂടാനെത്തിയ പൊലീസിനെ ഭീഷണിപ്പെടുത്തിയവർ അറസ്റ്റിൽ

വിളപ്പിൽ

പേയാട് പള്ളിമുക്കിലെ പെട്രോൾ പമ്പ് ആക്രമണകേസിലെ പ്രതികളെ ഒളിവിൽ താമസിപ്പിക്കുകയും പിടികൂടാനെത്തിയ പൊലീസിനെ ആയുധംകാട്ടി ഭീഷണിപ്പെടുത്തുകയും ചെയ്ത രണ്ടുപേരെ മലയിൻകീഴ് പൊലീസ് പിടികൂടി. മലയിൻകീഴ് പെരുകാവ് പൊറ്റവിള ഷീജാഭവനിൽ അജിത്ത് (22, റാവുത്തർ), വിളവൂർക്കൽ പേയാട് കുന്നിൽവിള കൈലാസ്ഭവനിൽ വിഷ്ണു (20, കണ്ണാടി വിഷ്ണു) എന്നിവരാണ് പിടിയിലായത്.

പേയാട് പള്ളിമുക്ക് റോഡിലെ ശാസ്താ ഫ്യുവൽസ് പമ്പിൽ ആക്രമണം നടത്തിയ കേസിലെ പ്രതികളായ സുധി, മഹാദേവൻ എന്നിവരെ അന്വേഷിച്ച് കഴിഞ്ഞ ദിവസം പുലർച്ചെ ഒന്നോടെയാണ് മലയിൻകീഴ് സിഐ ടി വി ഷിബു, എസ്ഐ രാഹുൽ എന്നിവരുടെ നേതൃത്വത്തിലുള്ള സംഘം എത്തിയത്. അജിത്തും വിഷ്ണുവും പൊലീസിനെ മാരകായുധങ്ങൾ കാട്ടി ഭീഷണിപ്പെടുത്താൻ ശ്രമിച്ചു. ഇവർ ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്നതിനിടെ അജിത്തിന്റെ വീട്ടിൽ ഒളിവിൽ കഴിഞ്ഞ സുധി ഇറങ്ങി ഓടാൻ ശ്രമിച്ചു. രക്ഷപ്പെടാനുള്ള ശ്രമത്തിനിടെ ഇയാൾക്ക് വീണ് പരിക്കേറ്റു. പരിക്കേറ്റ സുധിയെ പൊലീസ് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയായിരുന്നു. ഇയാൾക്ക് കൈയ്ക്കും കാലിനും പൊട്ടലേറ്റിട്ടുണ്ട്. സുധിയുടെ അറസ്റ്റ് ഉടൻ രേഖപ്പെടുത്തും. ഒരാഴ്ച മുമ്പാണ് പമ്പിലെത്തുന്നവർക്ക് കുടിക്കാനുള്ള വെള്ളത്തിന് തണുപ്പ് കുറവാണെന്ന് ആരോപിച്ച് അഞ്ചംഗ സംഘം പമ്പിൽ ആക്രമണം നടത്തിയത്.

സിനിമ

തിരുവനന്തപുരം

കൈരളി
▶ 2018 (11.15, 2.30, 6.00, 9.15, 11.59)
ശ്രീ
▶ നെയ്മർ (11.00, 6.00, 9.15)
▶ പൊന്നിയിൻ സെൽവൻ 2 (M) (2.30, 11.59)
നിള
▶ പാച്ചുവും അത്ഭുതവിളക്കും (11.00, 2.30, 6.00, 9.30)
കലാഭവൻ
▶ 2018 (11.30, 2.30, 6.15, 9.15, 11.59)
ലെനിൻ സിനിമാസ്
▶ നീലവെളിച്ചം (4.00, 9.00)
▶ ബി32 – 44 (11.30)
▶ EVIL DEAD RISE (2.00, 7.00, 11.30)
അജന്ത
▶ നെയ്മർ (11.15, 2.15, 10.15)
▶ പൊന്നിയിൻ സെൽവൻ 2 (6.30)
ഏരീസ് പ്ലക്സ് എസ്എൽ സിനിമാസ്
ഒഡി 1
▶ 2018 (11..30, 3.00, 6.30, 10.00)
ഒഡി 2
▶ പൊന്നിയിൻ സെൽവൻ 2 (2.45, 6.30)
▶ പൊന്നിയിൻ സെൽവൻ 2 (M) (11.15, 2.00, 4.45, 7.45, 10.55)
ഒഡി 3
▶ ഫർഹാന (11.00, 10.10)
▶ IB71 (1.45)
▶ EVIL DEAD (4.15)
▶ പൊന്നിയിൻ സെൽവൻ 2 (6.30)
ഒഡി 4
▶ കേരള സ്റ്റോറി (10.15, 1.15, 4.15, 7.30)
▶ ജാനകി ജാനെ (10.30)
ഒഡി 5
▶ GUARDIANS OF THE GALAXY (10.15)
▶ 2018 (1.15, 4.30, 7.45, 11.00)
ഒഡി 6
▶ ജാനകി ജാനെ (10.00)
▶ പാച്ചുവും അത്ഭുതവിളക്കും (12.30, 4.00, 7.30, 10.45)

വർക്കല

വിമല
▶ 2018 (11.00, 3.00, 6.30, 9.45)
എസ് ആർ
▶ പത്താം വളവ് (11.00, 3,00, 6.30, 9.45)
സ്റ്റാർ
▶ DON (11.00, 3.00, 6.15, 9.30)

വെട്ടുറോഡ്

ഹരിശ്രീ (0471 2755666)
▶ 2018 (11.15, 2.30, 6.15, 9.30)

വെഞ്ഞാറമൂട്

സിന്ധു സിനിമ
▶ 2018 (4 ഷോ)

പോത്തൻകോട്

എച്ച് കെ സിനിമാസ് (0471 2715555)
▶ നെയ്മർ (11.15, 2.30, 6.15, 9.30)
എം ടി സിനി പ്ലക്സ് (2419515)
ടെല 1
▶ പാച്ചുവും അത്ഭുതവിളക്കും (11.00, 2.30, 6.15, 9.45)
ടെല 2
▶ EVIL DEAD RISE (11.00, 2.30, 6.30, 9.30)

നെടുമങ്ങാട്

റാണി ടാക്കീസ്
സ്ക്രീൻ 1
▶ 2018 (11.00, 2.30, 6.00, 9.30)
സ്ക്രീൻ 2
▶ ജാനകി ജാനെ (2.30, 6.00, 9.30)
▶ FARHANA (11.00)

കാട്ടാക്കട

എസ് എൽ സിനിമാസ്
സ്വരം
▶ 2018 (11.15, 2.15, 6.15, 9.15)
ലയം
▶ നെയ്മർ (11.15, 2.15, 6.15, 9.15)
ശ്രീ കാളിദാസ് (9562404499)
ഒഡി 1
▶ 2018(4 ഷോ)
ഒഡി 2
▶ പൊന്നിയിൻ സെൽവൻ 2 (4 ഷോ)
ഒഡി 3
▶ പൊന്നിയിൻ സെൽവൻ 2 (4 ഷോ)
ഒഡി 4
▶ കേരള സ്റ്റോറി 2 (11.00, 9.30)
ഒഡി 5
▶ വിരുപക്ഷ (6.15? 9.30)
▶ മദനോത്സവം (6.15,9.30)
ഒഡി 6
▶ പാച്ചുവും അത്ഭുതവിളക്കും (4 ഷോ)

ചാനൽ സിനിമ

ഏഷ്യാനെറ്റ്

9.00	R R R
4.30	മലയൻകുഞ്ഞ്
10.30	മരക്കാർ – അറബിക്കടലിന്റെ സിംഹം

ഏഷ്യാനെറ്റ് പ്ലസ്

5.30	അനന്തഭദ്രം
9.00	ഉസ്താദ് ഹോട്ടൽ
12.30	സൂഫിയും സുജാതയും
3.00	സിംഹാസനം
11.00	കുട്ടേട്ടൻ

ഏഷ്യാനെറ്റ് മൂവീസ്

7.00	മനസ്സിനക്കരെ
10.00	ഒരു തെക്കൻ തല്ലുകേസ്
1.00	പുഷ്പ
4.00	21 GMS
7.00	മിന്നൽമുരളി
10.30	പ്രേമം

സൂര്യ

8.30	ലൈഫ് ഓഫ് ജോസൂട്ടി
12.00	അജഗജാന്തരം
2.30	അയ്യപ്പനും കോശിയും

സൂര്യ മൂവീസ്

7.00	കഥപറയും പാടങ്ങൾ
10.00	സുരറായ് പൊട്രു
1.00	ഡയമണ്ട് നെക്ലേസ്
4.00	കോഹിനൂർ
7.00	ത്രീ കിങ്സ്
10.00	സത്യമേവ ജയതേ

എസിവി

9.00	ശങ്കരനും മോഹനനും
2.00	കരിങ്കുന്നം സിക്സസ്
6.00	തരംഗം